LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) കാലാകാലങ്ങളിലെ നിയമമനുസരിച്ച് ഹോട്ടലുകൾക്ക് സ്റ്റാർ പദവി നൽകുന്നതിനുള്ള മാനദണ്ഡങ്ങൾ നിശ്ചയിക്കുന്നത് കേന്ദ്ര ടൂറിസം വകുപ്പാണ്.

(ബി-ഡി) വിവരം ശേഖരിച്ച നൽകുന്നതാണ്.

തമ്പുരാൻ പാറ-തമ്പുരാട്ടി പാറയുടെ വികസനം

332 (2888) ശ്രീ. പാലോട് രവി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി-പിന്നോക്കസമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) നെടുമങ്ങാട് നിയോജകമണ്ഡലത്തിലുള്ള തമ്പുരാൻ പാറ-തമ്പുരാട്ടി പാറയുടെ വികസനത്തിന് എത്ര രൂപയുടെ പ്രോജക്ടിനാണ് അനുമതി നൽകിയത്;

(ബി) പ്രസ്തുത വികസനത്തിന് വിഭാവനം ചെയ്യുന്ന പദ്ധതികൾ എന്തെല്ലാം ;

(സി) ഇവയ്ക്ക് ഭരണാനുമതി നൽകിയത് എന്നാണ് ;

(ഡി) പ്രസ്തുത പദ്ധതി തറക്കല്ലിട്ടശേഷം നിർമ്മാണ പ്രവർത്തനം ആരംഭിച്ചിട്ടുണ്ടോ ; ഇല്ലെങ്കിൽ കാരണം വ്യക്തമാക്കുമോ ;

(ഇ) പ്രസ്തുത പദ്ധതി സമയബന്ധിതമായി ഈ സാമ്പത്തിക വർഷം പൂർത്തിയാക്കുവാൻ എന്തെല്ലാം നടപടികൾ സ്വീകരിച്ചുവെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) 44,00,000 രൂപക്ക് (നാൽപ്പത്തിനാല് ലക്ഷം രൂപ) ഭരണാനുമതി നൽകിയിട്ടുണ്ട്.

(ബി) നടപ്പാതകൾ, പവലിയനുകൾ, ടോയ്ലെറ്റ്, പ്രവേശന കവാടം, വാഹന പാർക്കിംഗ് തുടങ്ങിയവയാണ് വിഭാവനം ചെയ്തിട്ടുള്ളത്.

(സി) 4-3-2013-ലെ ജി.ഒ.(ആർ.റ്റി.) നമ്പർ 1673/2013/TSM നമ്പർ ഉത്തരവ് പ്രകാരമാണ് ഭരണാനുമതി നൽകിയത്.

(ഡി&ഇ) പ്രസ്തുത പദ്ധതിയുടെ അടങ്കൽ തുക ഭരണാനുമതി നൽകിയ തുകയെക്കാൾ കൂടുതൽ ആയതിനാൽ പദ്ധതി ആരംഭിക്കാൻ കഴിഞ്ഞിട്ടില്ല. എന്നാൽ അനുവദിച്ച തുകയുടെ അടിസ്ഥാനത്തിൽ പദ്ധതിയുടെ ഒരു ഭാഗത്തിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

LIBRARY ARCHIVES Kerala Legislative Assembly

പെരുന്തേനരുവി ടൂറിസം പദ്ധതി

333 (2889) ശ്രീ. രാജു എബ്രഹാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി-പിന്നോക്കസമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പെരുന്തേനരുവി കേന്ദ്രീകരിച്ചുള്ള ടൂറിസം പദ്ധതിക്കായി എത്ര രൂപയാണ് വകയിരുത്തിയിട്ടുള്ളത് ; പണി ഏതു ഘട്ടം വരെയായി എന്ന് വിശദീകരിക്കാമോ ; ഇനി എന്തൊക്കെ പണികളാണ് നടക്കാനുള്ളത് ;

(ബി) പെരുന്തേനരുവി ടൂറിസം പദ്ധതിയുടെ പണികൾ കാലതാമസം നേരിടാനുണ്ടായ കാരണങ്ങൾ വ്യക്തമാക്കാമോ ;

(സി) പ്രശ്നം പരിഹരിച്ച് പണികൾ പുനരാരംഭിക്കാൻ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ ; എങ്കിൽ എന്തൊക്കെ ;

(ഡി) മുടങ്ങിയ പണികൾ എന്ന് പുനരാരംഭിക്കും എന്ന് പറയാമോ ; പ്രസ്തുത പദ്ധതി പൂർത്തിയാക്കാൻ വേണ്ട സമയം എത്രയാണെന്ന് വ്യക്തമാക്കാമോ ; എന്നത്തേക്ക് നിർമ്മാണം പൂർത്തീകരിച്ച് സഞ്ചാരികൾക്ക് തുറന്നുകൊടുക്കാൻ കഴിയുമെന്ന് വെളിപ്പെടുത്താമോ ?

ഉത്തരം

(എ) പെരുന്തേനരുവി ടൂറിസം പദ്ധതിയുടെ ഒന്നാം ഘട്ടമായി 97,12,800 (തൊണ്ണൂറ്റിയേഴ് ലക്ഷത്തി പന്ത്രണ്ടായിരത്തി എണ്ണൂറ്) രൂപയും രണ്ടാം ഘട്ടമായി 75,85,000 (എഴുപത്തിയഞ്ച് ലക്ഷത്തി എൺപത്തി അയ്യായിരം) രൂപയും ഭരണാനുമതി നൽകിയിട്ടുണ്ട്. സിഡ്കോയാണ് നിർമ്മാണച്ചുമതല നിർവ്വഹിക്കുന്നത്. നിലവിൽ 4 കോട്ടേജുകൾ, റെസ്റ്റോറന്റ്, ഓപ്പൺ പവലിയൻ, പാർക്കിംഗ്, അരുവിയിലേക്കുള്ള നടപ്പാത, ടോയ്ലറ്റ്, വൈദ്യുതീകരണം എന്നിവ പൂർത്തീകരിച്ചിട്ടുണ്ട്. കെട്ടിടത്തിന്റെ പെയിന്റിംഗ്, ജല സംവിധാനം ഉൾപ്പെടെയുള്ള ഫിനിഷിംഗ് വർക്കുകൾ പൂർത്തീകരിക്കാനുണ്ട്.

(ബി) പാറ പൊട്ടിക്കുവാൻ അനുവാദം കിട്ടുവാനുള്ള കാലതാമസമാണ് പദ്ധതി വൈകുവാനുള്ള കാരണം.